# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3612 — 30.01.2014-ൽ മറുപടിയ്ക്ക്

## ക്രമസമാധാന പരിപാലനത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ബെന്നി ബെഹനാൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന പരിപാലനത്തിന് സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ;<br>(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;<br>(സി) ക്രമസമാധാനപാലനം സംബന്ധിച്ച വിലയിരുത്തൽ ആരാണ് നടത്തിയത്; വിശദമാക്കുമോ; | (എ), (ബി) & (സി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള ഇന്ത്യാ ടുഡേ 2012 വാർഷിക സർവ്വേയിൽ കേരളത്തിന് ക്രമസമാധാനപാലനത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി ടി മാഗസിനിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വാർത്തയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്, വനിതാ ഹെൽപ്പ് ഡസ്ക്, ജനമൈത്രി പോലീസ് സംവിധാനം എന്നിവയിലൂടെ സംസ്ഥാന പോലീസിന്റെ മികവുറ്റ പ്രവർത്തനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന കർശനമായ നിയമ നടപടികൾ, പൊതുജനങ്ങളുടെ ജീവനും സ്വത്തിനും നിയമ സംരക്ഷണം നൽകുന്നതിനായുള്ള പോലീസിന്റെ നടപടികൾ തുടങ്ങിയ സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇത്തരം സർവ്വേകളിൽ കേരളത്തിന് മികച്ച സ്ഥാനം നേടിക്കൊടുത്തത് എന്ന് അനുമാനിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്